**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2374 | 05.02.2018 ൽ മറുപടിക്ക്

## കരകൗശല മേഖലയുടേയും പരമ്പരാഗത മേഖലയുടെയും പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.തോമസ്<br>ശ്രീ.റോജി.എം.ജോൺ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.അനിൽ അക്കര | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) തനതായ കരകൗശലമേഖലയും പരമ്പരാഗത മേഖലയും ഭീഷണി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) തനതായ കരകൗശല മേഖലയും പരമ്പരാഗത മേഖലയും സംരക്ഷിക്കുന്നതിനായി ഉചിതമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത മേഖലയുടെ പുനരുദ്ധാരണത്തിനും നിലനിൽപ്പിനും എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (ബി) പരമ്പരാഗത മേഖലയുടെ പുനരുദ്ധാരണത്തിനും അവയെ സംരക്ഷിക്കുന്നതിനുമായി ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് വർഷം മുഴുവൻ ജോലി ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 1 മുതൽ 5 വരെയുള്ള ക്ലാസുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്ക് 2 ജോഡി കൈത്തറി യൂണിഫോം സൗജന്യമായി നൽകുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയും ഇതിന് ആവശ്യമായ തുണി വിവിധ ജില്ലകളിലെ കൈത്തറി സംഘങ്ങളിൽ നെയ്ത് തയ്യാറാക്കുകയും ചെയ്തു. ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ സ്കൂൾകുട്ടികൾക്ക് സൗജന്യമായി യൂണിഫോം നൽകുകയെന്നതിന് പുറമെ കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് തൊഴിലവസരം നൽകുവാനും സാധിച്ചു. ഒരു വീട്ടിൽ ഒരു തറി പദ്ധതി, വിപണന-കയറ്റുമതി പ്രോത്സാഹന പദ്ധതി, മികച്ച കൈത്തറി ഉൽപ്പന്നങ്ങൾക്കുള്ള ഉല്പാദന സഹായം എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 'ASHA' എന്ന പദ്ധതി, വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതി, കരകൗശല ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി എന്നിവയും നടപ്പാക്കിവരുന്നു. കരകൗശല |

തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുന്ന പദ്ധതിയും നടപ്പാക്കി വരുന്നു. കരകൗശല വികസന കോർപറേഷൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ പ്രദർശന വിപണന മേളകൾ സംഘടിപ്പിച്ചുവരുന്നു. ക്രാഫ്റ്റ്സ് അവയർനെസ് പ്രോഗ്രാമുകൾ, ഡിസൈൻ ഡെവലപ്മെന്റ് വർക്ക്ഷോപ്പുകൾ എന്നിവ കരകൗശല വികസന കോർപറേഷൻ സംഘടിപ്പിച്ചുവരുന്നു.

ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഈ മേഖലയിലെ പൊതുമേഖലസ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപറേഷൻ മുഖേന സാമൂഹ്യ യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളുടെ ശാക്തീകരണം, സ്ലീവറിംഗ് യൂണിറ്റുകളുടെ സ്ഥാപനം, ഫീഡർ യൂണിറ്റുകൾ/ പ്രീ-പ്രോസസിംഗ് യൂണിറ്റുകൾ പുനഃക്രമീകരിച്ച് ശക്തിപ്പെടുത്തൽ, മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. മുളകൊണ്ടുള്ള വിവിധ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനായി ബാംബൂ ഇന്നൊവേഷൻ സെന്ററും മുള സംസ്കരിച്ച് ഫർണീച്ചർ നിർമ്മിക്കുന്നതിനായി ഇംപ്രഗ്നേഷൻ യൂണിറ്റും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ മിനിമം വേതന പദ്ധതി, നൂൽപ് തൊഴിലാളികൾക്ക് ഇൻസെന്റീവ് പദ്ധതി, വായ്പ പദ്ധതികൾ എന്നിവ നടപ്പാക്കിവരുന്നു. ഉൽപാദനോപാധികളുടെ ആധുനിക വൽക്കരണവും നടന്നുവരുന്നു.

പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി അഭിസംബോധന ചെയ്യുന്നതിന്റെ ഭാഗമായി കേരള കാഷ്യൂബോർഡ് എന്ന പേരിൽ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി രൂപീകരിച്ചിട്ടുള്ളതാണ്.

കയർമേഖലയിൽ കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തനമൂലധനം, അടിസ്ഥാന സൗകര്യവികസനത്തിനായി ധനസഹായം, വിപണി വികസന സഹായം, കയർമേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ, ഉൽപ്പാദനവും

വിപണന പ്രചോദനവും പദ്ധതി, വിലവ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി, ക്ലസ്റ്റർ വികസന പദ്ധതി, ചകിരി ഉല്പാദനം വ്യാപിപ്പിക്കുന്നതിനായി ഡി.എഫ് മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, കയർപിരി/ ഡീഫൈബറിഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ വഹിക്കുന്ന രീതിയിൽ ഇൻകം സപ്പോർട്ട് സ്കീം, കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി എന്നിവ നടപ്പാക്കിവരുന്നു.

| | |
|---|---|
| (സി) കരകൗശല വസ്തുക്കൾക്ക് കമ്പോളം കണ്ടെത്തുന്നതിന് ടൂറിസം വകുപ്പുമായി ചേർന്ന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; പ്രസ്തുത പദ്ധതികൾ വിജയപ്രദമാണോ; | (സി) കരകൗശല വസ്തുക്കൾക്ക് കമ്പോളം കണ്ടെത്തുന്നതിനായി ടൂറിസം വകുപ്പുമായി ചേർന്ന് പ്രവർത്തനങ്ങൾ നടത്തി വരുന്നു. ടൂറിസം വകുപ്പുമായി ചേർന്ന് കരകൗശല കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കരകൗശല വികസന കോർപറേഷൻ സ്വീകരിച്ചു വരുന്നു. കേരള ടൂറിസം പ്രൊമോഷനുമായി ചേർന്ന് കെ.റ്റി.ഡി.സിയുടെ പ്രധാനപ്പെട്ട നക്ഷത്ര ഹോട്ടലുകളിലും റിസോർട്ടുകളിലും കരകൗശല ഉല്പന്നങ്ങളുടെ സുവനീർ ഷോപ്പുകൾ തുടങ്ങാനുള്ള പദ്ധതി കാഡ്കോ ആവിഷ്കരിച്ചിട്ടുണ്ട്. കെ.ടി.ഡി.സിയുടെ കുമരകത്തും ചെന്നൈയിലുമുള്ള ഹോട്ടലുകളിൽ കരകൗശല ഉൽപ്പന്നങ്ങളുടെ ഔട്ട് ലെറ്റുകൾ കാഡ്കോ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കരകൗശലത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനത്തിനും ക്രാഫ്റ്റ് ടൂറിസം എന്ന് പദ്ധതിയെ അടിസ്ഥാനപ്പെടുത്തി ടൂറിസം വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ വെള്ളാറിൽ ഒരു ക്രാഫ്റ്റ് വില്ലേജ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത രീതിയിൽ കുടിലുകൾ നിർമ്മിച്ച് കേരളത്തിന്റെ തനതായ കരകൗശല വിദ്യകളും കൈത്തൊഴിലുകളും ആ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വിദഗ്ധർ തന്നെ നേരിട്ട് പ്രദർശിപ്പിക്കുകയും ഇത്തരം ഉല്പന്നങ്ങൾ ആഭ്യന്തര വിദേശ ടൂറിസ്റ്റുകൾക്കും വിപണനം ചെയ്യുവാനും ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. |
| (ഡി) കരകൗശല മേഖലയ്ക്ക് ടൂറിസം മേഖലയിൽ അവരുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ടൂറിസം സീസണിൽ | (ഡി) കോഴിക്കോട് ജില്ലയിലെ ഇരിങ്ങലിൽ കരകൗശല ഉല്പന്നങ്ങളുടെ പ്രദർശന വിപണനത്തിനായി ടൂറിസം വകുപ്പിന്റെ സഹായത്തോടെ ഇരിങ്ങൽ ക്രാഫ്റ്റ് മേള |

| | |
|---|---|
| പ്രത്യേക സംവിധാനങ്ങൾ ഒരുക്കുമോ? | സംഘടിപ്പിക്കുന്നു. കേരളത്തിന്റെ തനതായ കരകൗശല വസ്തുക്കൾ, കൈത്തറി വസ്ത്രങ്ങൾ, കലാരൂപങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ട് പാലക്കാട് ഇന്ദിരാഗാന്ധി മുൻസിപ്പൽ സ്റ്റേഡിയത്തിൽ മലബാർ ക്രാഫ്റ്റ്സ് മേള സംഘടിപ്പിച്ചുവരുന്നു. ഈ മേഖലയിലെ ആർട്ടിസാൻമാരെ ഒരുമിച്ച് കൊണ്ടുവരുവാനും അവരുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുമുള്ള അവസരം ഈ മേളകൾ ഒരുക്കുന്നു. വിശേഷാവസരങ്ങളിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നടത്തിവരുന്ന പ്രദർശന വില്പന മേളകളിൽ കരകൗശല ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് അവസരം ഒരുക്കുന്നുണ്ട്.<br><br>കരകൗശല മേഖലയിലെ തൊഴിലാളികൾ നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിനായി കരകൗശല വികസന കോർപറേഷൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടുകൂടി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ക്രാഫ്റ്റ് ബസാറുകൾ, കരകൗശല എക്സിബിഷനുകൾ, ഗാന്ധിശില്പ ബസാറുകൾ എന്നിവ സംഘടിപ്പിച്ച് വരുന്നു. ഇവയിലൂടെ ആർട്ടിസാൻമാരുടെ ഉല്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കളിൽ വിപണനം ചെയ്യുവാനുള്ള അവസരം ഒരുക്കുന്നു. കൂടാതെ കരകൗശല കലാകാരന്മാരുടെ ഉന്നമനത്തിനുവേണ്ടി രാജ്യത്തുടനീളം അവരെ പങ്കെടുപ്പിച്ചുകൊണ്ട് കോർപറേഷന്റെ വിപണന ശാഖയായ കൈരളി വഴി എക്സിബിഷനുകൾ നടത്തിവരുന്നു. കോർപറേഷൻ സംഘടിപ്പിക്കുന്ന കരകൗശല എക്സിബിഷനുകളിലൂടെ ഇടത്തട്ടുകാരെ കൂടാതെ തങ്ങളുടെ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനും വിപണിയിലെ പുതിയ ആവശ്യങ്ങൾക്കനുസൃതമായി തങ്ങളുടെ കരവിരുത് പ്രദർശിപ്പിക്കുന്നതിനും ആർട്ടിസാൻമാർക്ക് സഹായകരമാകുന്നു. കരകൗശല മേഖലയിലെ കലാകാരൻമാരുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനായി സുരഭിയുടെ ആഭിമുഖ്യത്തിൽ ടൂറിസം വാരാഘോഷം നടക്കുന്ന അവസരങ്ങളിൽ ലൈവ് ഡെമോൺസ്ട്രേഷൻ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ